**ലേബർ കമ്മീഷണറുടെ നടപടി ക്രമം**
**(സാന്നിദ്ധ്യം : സി വി സജൻ ഐ.എ.എസ്)**

**വിഷയം:** **തൊഴിൽ വകുപ്പ് - സ്ഥാപനകാര്യം - സംസ്ഥാനത്തെ മഴക്കെടുതിയുടേയും പ്രകൃതിക്ഷോഭത്തിന്റേയും സാഹചര്യത്തിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട അടിയന്തരാവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതല കൺട്രോൾ റൂം/ എമർജെൻസി സെൽ രൂപീകരിച്ചും സബ് ഓഫീസുകൾക്ക് നിർദ്ദേശം നല്കിയും ഉത്തരവാകുന്നു.**

**ഉത്തരവ് നമ്പർ. ഇ(3) 12387/2019; തിരുവനന്തപുരം; തീയതി: 09.08.2019.**

സംസ്ഥാനത്തെ മഴക്കെടുതിയുടേയും പ്രകൃതിക്ഷോഭത്തിന്റേയും സാഹചര്യത്തിൽ തൊഴിൽ മേഖലയിലും തൊഴിലാളികൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ സമയബന്ധിതമായി ഇടപെട്ട് പരിഹരിക്കുന്നതിന് അവധി ദിവസങ്ങളിലും തൊഴിൽ വകുപ്പിലെ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കേണ്ടതാണ്. **2019 ആഗസ്റ്റ് 10, 11, 12** തീയതികളിൽ തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാന-റീജിയണൽ-ജില്ലാ തല ഓഫീസുകളിലും പ്ലാന്റേഷനുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും കൺട്രോൾ റൂം/എമർജെൻസി സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. മേൽപ്പറഞ്ഞ പ്രകാരം ക്രമീകരണങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി ലേബർ കമ്മീഷണറേറ്റിൽ ചുവടെ ചേർക്കുന്ന ജീവനക്കാരെ അവധി ദിന ഡ്യൂട്ടിയ്ക്ക് നിയോഗിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തീയതി | നോഡൽ ഓഫീസർ | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | ഓഫീസ് അറ്റൻഡന്റ് |
|---|---|---|---|---|
| 1. | 10.08.2019 | **ശ്രീ. അരുൺ ബി,**<br>ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിങ്ങ്) (പൂർണ അധിക ചുമതല)<br>Mob: 8547655280 | **ശ്രീ. രതീഷ് വി ആർ** | **ശ്രീ. ബിനു എസ് ദാസ്** |
| 2. | 11.08.2019 | **ശ്രീ. കെ വിനോദ് കുമാർ,**<br>ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)<br>Mob: 8547655219 | **ശ്രീ. എബി എ റ്റി** | **ശ്രീ. രാജീവ് കുമാർ ടി എസ്** |
| 3. | 12.08.2019 | **ശ്രീ. രാജേഷ് കെ എസ്,**<br>അസിസ്റ്റന്റ് ലേബർ ഓഫീസർ (ആസ്ഥാനം)<br>Mob: 9446360857 | **ശ്രീ. അഭിലാഷ് എ** | **ശ്രീ. ബിജു ആർ സി** |

3. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ ചുമതലപ്പെടുത്തപ്പെട്ട ദിവസങ്ങളിൽ ലേബർ കമ്മീഷണർ ഓഫീസിൽ കൃത്യമായി ഹാജരായി ചുമതല നിർവഹിക്കേണ്ടതാണ്. ചുമതലപ്പെടുത്തപ്പെട്ട നോഡൽ ഓഫീസർമാർ നിർദ്ദിഷ്ട ദിവസങ്ങളിൽ രാവിലേയും വൈകുന്നേരവും ലേബർ കമ്മീഷണർക്ക് അന്നന്നത്തെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. മേൽപ്പറഞ്ഞ തീയതികളിൽ ലേബർ കമ്മീഷണറേറ്റിന് സമാനമായ രീതിയിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ കാര്യാലയത്തിലും ജില്ലാ ലേബർ ഓഫീസുകളിലും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ കാര്യാലയത്തിലും കൺട്രോൾ റൂം/ എമർജെൻസി സെൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

5. നാലാം ഖണ്ഡിക പ്രകാരം രൂപീകൃതമാകുന്ന എമർജെൻസി സെല്ലുകൾ, തൊഴിലാളികൾക്ക് പ്രളയം മൂലം ഉണ്ടാകുന്ന ജീവഹാനി, തോട്ടങ്ങളിലെ ലയങ്ങൾക്കുണ്ടാകുന്ന നാശനഷ്ടം, വിവിധ തൊഴിൽ മേഖലകളിലുണ്ടാകുന്ന നാശനഷ്ടങ്ങളുടെ സ്ഥിതിവിവരക്കണക്ക് (സാമ്പത്തിക നഷ്ടം സഹിതം) തുടങ്ങിയ വിവരങ്ങൾ ഫീൽഡ് ലെവൽ ഓഫീസർമാർ മുഖേന ശേഖരിച്ച് അന്നേ ദിവസം തന്നെ ഖണ്ഡിക 2-ൽ പറയുന്ന ലേബർ കമ്മീഷണറേറ്റിലെ കൺട്രോൾ റൂമിന്റെ ചുമതയുള്ള നോഡൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ/ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷസ്/ ജില്ലാ ലേബർ ഓഫീസർമാർ വരുത്തേണ്ടതാണ്.

6. ലേബർ കമ്മീഷണറേറ്റിലെ കാൾ സെന്റർ നമ്പരായ **1800 4255 5214** എന്ന ടോൾ ഫ്രീ നമ്പരിലോ ലേബർ കമ്മീഷണറേറ്റിലെ റിസപ്ഷനിലെ നമ്പരായ **0471 278 3900** എന്ന നമ്പരിലോ നോഡൽ ഓഫീസർമാരുടെ നമ്പരിലോ അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

*(ഒപ്പ്)*

ലേബർ കമ്മീഷണർ

**പകർപ്പ്:**

1. അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. ലേബർ കമ്മീഷണറുടെ പി. എ
4. അഡീഷണൽ ലേബർ കമ്മീഷണർ (ഇ), (ഐ.ആർ), (ഡബ്ലിയു)
5. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, എറണാകുളം, കോഴിക്കോട്.
6. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
7. എല്ലാ ജില്ലാ ലേബർ ഓഫീസർ (ജി), (ഇ) - മാർക്കും
8. എല്ലാ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്കും
9. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
10. ലേബർ പബ്ലിസിറ്റി ഓഫീസർ
11. ഫയൽ/ സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

അംഗീകാരത്തോടെ,

Abul Kalam

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ